**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **15-10-2024 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2024-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച്, ജി.എസ്.ടി. ക്കു മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി പദ്ധതി 2024 ഓഗസ്റ്റ് 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള മൂല്യ വർധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ്ജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നിവ പ്രകാരം 2017-2018 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. കേരള പൊതു വില്പന നികുതി നിയമം, 1963 ന്റെ വകുപ്പ് 5 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ട നികുതി, ടേൺഓവർ ടാക്സ് എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനോ വകുപ്പ് 7 പ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കോംപൗണ്ടിങ് നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനോ ഈ പദ്ധതി ബാധകമായിരിക്കില്ല. കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനസ്റ്റി പദ്ധതി പ്രകാരം അടയ്ക്കേണ്ട തുക മുൻകൂർ ആയി അടച്ചതിനു ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വ്യാപാരികൾക്ക് ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 2024-ലെ ആംനസ്റ്റി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും വ്യാപാരികൾക്ക് ലഭിക്കുന്നതിന്, പദ്ധതി ആരംഭിച്ച് 60 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇത് പ്രകാരം കുടിശ്ശികകളെ നികുതി തുകയുടെ അടിസ്ഥാനത്തിൽ നാല് സ്ലാബുകളായി തിരിച്ചിട്ടുണ്ട്. ഓരോ സ്ലാബിലും താഴെ പറയുന്ന വിധത്തിൽ നികുതി |

അടച്ചുതീർക്കുന്നവർക്ക് കുടിശ്ശികകളുടെ പിഴയും പലിശയും പൂർണ്ണമായും ഒഴിവാകും.

ഒന്നാമത്തെ സ്ലാബായ അൻപതിനായിരം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കി.

രണ്ടാമത്തെ സ്ലാബായ അൻപതിനായിരം രൂപ മുതൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 30% അടച്ചാൽ മതിയാകും.

മൂന്നാമത്തെ സ്ലാബായ പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ടു തരം പദ്ധതികളാണ് ഉള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 40% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 50% ഒടുക്കിയാൽ മതിയാകും.

നാലാമത്തെ സ്ലാബായ ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾക്ക് രണ്ട് തരം പദ്ധതികളാണ് ഉള്ളത്. ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 70% ഒടുക്കിയാൽ മതിയാകും. ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 80% അടച്ചാൽ മതിയാകും.

ഈ പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 2024 സെപ്തംബർ 29-ന് അവസാനിച്ചു.

ആംനസ്റ്റി പദ്ധതി പ്രകാരം 2024 സെപ്റ്റംബർ 30 മുതൽ ലഭ്യമാകുന്ന പുതുക്കിയ ആനുകൂല്യങ്ങൾ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 873/2024 തീയതി 28/09/2024 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

അതിൻപ്രകാരം, അൻപതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

2024 സെപ്റ്റംബർ 30 മുതൽ 2024 ഒക്ടോബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്ക് അൻപതിനായിരം രൂപയ്ക്ക്

| | | | |
|---|---|---|---|
| | | | മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 32 ശതമാനം ഒടുക്കി തീർപ്പാക്കാവുന്നതാണ്.<br><br>പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 42 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 52 ശതമാനവും.<br><br>ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള കുടിശ്ശികകൾ (നിയമ വ്യവഹാരത്തിലുള്ള) നികുതി തുകയുടെ 72 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് നികുതി തുകയുടെ 82 ശതമാനവും.<br><br>ഫിനാൻസ് ആക്ടിലെ വകുപ്പ് 9 (3) അനുസരിച്ചുള്ള അപേക്ഷയിന്മേൽ മോഡിഫൈഡ് ഉത്തരവുകൾ പുറപ്പെടുവിച്ച് 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും, വകുപ്പ് 10 (2) അനുസരിച്ച് ഷോർട്ട് നോട്ടീസ് ലഭിച്ച് 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽ നിരക്കുകൾ ബാധകമാണ്.<br><br>2024 നവംബർ 1 മുതൽ 30 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 120 മുതൽ 180 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ നിന്നും 2 ശതമാനം വർദ്ധനവ് ഉണ്ടാകുന്നതാണ്.<br><br>കൂടാതെ, 2024 ഡിസംബർ 1 മുതൽ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 180 ദിവസത്തിന് ശേഷം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ വീണ്ടും 2 ശതമാനം വർദ്ധനവ് ഉണ്ടാകുന്നതാണ്. |
| (സി) | മുൻ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ആംനസ്റ്റി പദ്ധതി മുൻ വർഷങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിലും 2022-23 സാമ്പത്തിക വർഷത്തിലും ആംനസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ മുൻപ് പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതിയാണ് ഇത്തവണ നടപ്പിലാക്കിയിട്ടുള്ളത്.<br><br>അൻപതിനായിരം രൂപയിൽ താഴെയുള്ള കുടിശ്ശികകളെ പൂർണ്ണമായും ഒഴിവാക്കുന്ന രീതി ഇത്തവണത്തെ ആംനസ്റ്റിയിൽ ഉണ്ട്. പഴക്കമേറിയ കുടിശ്ശികകൾ തീർപ്പാക്കുന്നതിന്, പ്രത്യേകിച്ച് ചെറുകിട വ്യാപാരികൾക്ക് ഇത് സഹായകരമാകും എന്ന് കണക്കാക്കുന്നു. |
| (ഡി) | നികുതി കുടിശികയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്; വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി.-ക്ക് മുൻപുള്ള നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകളുമായി ബന്ധപ്പെട്ട് 1081 കേസുകളും ജി.എസ്.ടി.-യിൽ 735 കേസുകളും കോടതികളിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ